REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 22-09-2025 സമയം 06.45 AM

---

## പ്രധാന വാർത്തകൾ

- **വരുംതലമുറ GST പരിഷ്കരണങ്ങൾ ഇന്ന് മുതൽ പ്രാബല്യത്തിൽ.**
- **വരും തലമുറ GST പരിഷ്കരണം രാജ്യത്തെ സാധാരണക്കാർക്ക് ഏറെ പ്രയോജനം ചെയ്യുന്നതാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.**
- **ഒൻപത് ദിവസത്തെ നവരാത്രി ഉത്സവത്തിന് ഇന്ന് തുടക്കം.**
- **നോർക്ക റൂട്ട്സ് നടപ്പാക്കുന്ന സമഗ്ര ആരോഗ്യ - അപകട ഇൻഷ്വറൻസ് പദ്ധതി 'നോർക്ക കെയർ' മുഖ്യമന്ത്രി പിണറായി വിജയൻ വൈകീട്ട് ഉദ്ഘാടനം ചെയ്യും.**
- **ഏഷ്യാ കപ്പ് ട്വന്റി-20 ക്രിക്കറ്റിലെ സൂപ്പർ ഫോർ മത്സരത്തിൽ ഇന്ത്യ, പാക്കിസ്ഥാനെ പരാജയപ്പെടുത്തി.**

## വാർത്തകൾ വിശദമായി

വരുംതലമുറ GST പരിഷ്കരണങ്ങൾ ഇന്ന് പ്രാബല്യത്തിൽ വരും. 12 ശതമാനത്തിന്റെയും 28 ശതമാനത്തിന്റെയും നികുതി സ്ലാബുകൾ നീക്കം ചെയ്തു. 5 ശതമാനത്തിന്റെയും 18 ശതമാനത്തിന്റെയും നികുതി സ്ലാബുകൾ മാത്രം നിലനിർത്തിയാണ് പുതിയ പരിഷ്കരണം.

✪✪✪

നവരാത്രിയുടെ ആദ്യദിനമായ ഇന്ന് പ്രാബല്യത്തിൽ വരുന്ന വരും തലമുറ GST പരിഷ്കരണം രാജ്യത്തെ സാധാരണക്കാർക്ക് ഏറെ പ്രയോജനം ചെയ്യുന്നതാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയെ ഉത്തേജിപ്പിക്കുകയും, മധ്യവർഗത്തിനും യുവാക്കൾക്കും

ഉപഭോക്താക്കൾക്കും ആശ്വാസം നൽകുകയും ചെയ്യുന്നതാണ്, GST പരിഷ്കരണമെന്ന് ഇന്നലെ രാഷ്ട്രത്തെ അഭിസംബോധന ചെയ്യവെ പ്രധാനമന്ത്രി പറഞ്ഞു.

പുതിയ GST നിരക്കുകൾ വെറും നികുതി ഇളവ് മാത്രമല്ല, ദൈനംദിന അവശ്യ വസ്തുക്കളുടെ വില കുറയ്ക്കുകയും ഉപഭോഗ അധിഷ്ഠിത വളർച്ച വർദ്ധിപ്പിക്കുകയും ചെയ്യുന്ന GST ബചത് ഉത്സവമാണെന്ന് മോദി പറഞ്ഞു. പുതിയ നികുതി പരിഷ്കരണം നടപ്പിലാക്കുന്നതിലൂടെ രാജ്യം ആത്മനിർഭർ ഭാരതിലേക്ക് സുപ്രധാന ചുവടുവെപ്പാണ് നടത്തുന്നതെന്ന് അദ്ദേഹം വ്യക്തമാക്കി. ഭാവിയിൽ GST പരിഷ്കരണങ്ങൾക്ക് തുടർച്ചയുണ്ടാകുമെന്നും പ്രധാനമന്ത്രി പറഞ്ഞു.

രാജ്യത്തെ എല്ലാ ജനങ്ങൾക്കും പ്രധാനമന്ത്രി നവരാത്രി ആശംസകളും നേർന്നു.

✪✪✪

ആത്മനിർഭർ ഭാരത് എന്ന ലക്ഷ്യം കൈവരിക്കാൻ വരുംതലമുറ GST പരിഷ്കരണങ്ങൾ പ്രധാന പങ്ക് വഹിക്കുമെന്ന് കേന്ദ്രമന്ത്രി അമിത്ഷാ പറഞ്ഞു. GST പരിഷ്കാരങ്ങളെക്കുറിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ പ്രസംഗത്തെ അദ്ദേഹം സാമൂഹിക മാധ്യമ കുറിപ്പിൽ പ്രശംസിച്ചു. കൃഷി, ആരോഗ്യം, തുണിത്തരങ്ങൾ, മനുഷ്യനിർമ്മിത നാരുകൾ തുടങ്ങിയ മേഖലകളിൽ GST കുറച്ചുകൊണ്ട് ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനാണ് ഗവൺമെന്റ് ലക്ഷ്യമിടുന്നതെന്നും അമിത് ഷാ പറഞ്ഞു.

✪✪✪

GST യിൽ പ്രധാന പരിഷ്കരണം നടപ്പിലാക്കി പ്രധാനമന്ത്രി നരേന്ദ്രമോദി ചരിത്രപരമായ തീരുമാനമെടുത്തതായി കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു. ഇന്ന് മുതൽ നടപ്പാക്കുന്ന GST പരിഷ്കരണങ്ങളെപ്പറ്റി മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. പരിഷ്കരണങ്ങൾ രാജ്യത്തെ 140 കോടി പൗരന്മാർക്കും ആശ്വാസം നൽകുമെന്ന് കേന്ദ്രമന്ത്രി അഭിപ്രായപ്പെട്ടു.

✪✪✪

രാജ്യത്തെ നികുതി സമ്പ്രദായത്തെ ലളിതവും സുതാര്യവും ജനസൗഹൃദവുമാക്കുന്ന ഒരു അധ്യായത്തിന് തുടക്കം കുറിക്കുകയാണ്. അവശ്യ വസ്തുക്കളുടെയും സേവനങ്ങളുടെയുംമേൽ നികുതി ഭാരം കുറച്ച് പൗരന്മാർക്ക് ആശ്വാസം നൽകുന്ന വരുംതലമുറ GST പരിഷ്കരണങ്ങൾ

രാഷ്ട്ര വളർച്ചയെ ത്വരിതപ്പെടുത്തും. ഓട്ടോമൊബൈൽ മേഖലയിൽ വരുന്ന പരിഷ്കരണങ്ങളുടെ സാധ്യത പരിശോധിക്കുന്നു.

....ഡെസ്ക് റിപ്പോർട്ട്......

ഇന്നു പ്രാബല്യത്തിൽ വരുന്ന GST പരിഷ്കരണങ്ങൾ വാഹനങ്ങളുടെ നികുതിയിൽ ഗണ്യമായ കുറവ് വരുത്തുന്നതിലൂടെ രാജ്യത്തെ പൗരന്മാർക്ക് ഏറെ ആശ്വാസം പകരും. ഇരുചക്ര വാഹനങ്ങൾക്കും ചെറുകാറുകൾക്കും 28 ശതമാനത്തിൽ നിന്ന് 18 ശതമാനമായി നികുതി കുറയും. കാറുകളുടെയും ബൈക്കുകളുടെയും നിർമാണത്തിന് ഉപയോഗിക്കുന്ന മിക്ക വസ്തുക്കൾക്കും നികുതിയിൽ പത്ത് ശതമാനത്തിന്റെ കുറവ് വരുത്തി. വാഹനങ്ങളുടെ GST കുറക്കുന്നത് കാറുകൾ ഉപഭോക്താക്കൾക്ക് കൂടുതൽ പ്രാപ്യമാക്കും. അതേസമയം, ആഡംബര കാറുകൾക്ക് 40 ശതമാനം നികുതി ചുമത്തും. എന്നാൽ ഈ വാഹനങ്ങളുടെ സെസ് ഒഴിവാക്കി.

✪✪✪

സ്വസ്ഥ് നാരി സശക്ത് പരിവാർ അഭിയാനിൽ രാജ്യത്ത് ഈ മാസം 20 വരെ 2 ലക്ഷത്തി 83,000 ആരോഗ്യ ക്യാമ്പുകൾ സംഘടിപ്പിച്ചതായി കേന്ദ്ര ആരോഗ്യ മന്ത്രാലയം അറിയിച്ചു. ഈ മാസം 17-ന് ആരംഭിച്ച ക്യാമ്പയിനിൽ രാജ്യത്തുടനീളം വൻ പങ്കാളിത്തമാണ് അനുഭവപ്പെടുന്നതെന്ന് മന്ത്രാലയം അറിയിച്ചു.

✪✪✪

ഒൻപത് ദിവസത്തെ നവരാത്രി ഉത്സവത്തിന് ഇന്ന് തുടക്കം. സംസ്കൃതത്തിൽ 'ഒൻപത് രാത്രികൾ' എന്നർത്ഥം വരുന്ന നവരാത്രി, ദുർഗ്ഗാദേവിയുടെ ഒൻപത് അവതാരങ്ങളെ ആരാധിക്കുന്ന ഉത്സവമാണ്. ക്ഷേത്രങ്ങളിൽ ഇന്ന് മുതൽ വിശേഷാൽ പൂജകൾ നടക്കും. ആദ്യ ദിനം പാർവതി ദേവിയേയാണ് ആരാധിക്കുന്നത്. രാവണനുമേൽ ശ്രീരാമന്റെ വിജയം അടയാളപ്പെടുത്തുന്ന ദിവസമായ ദസറയോടെ നവരാത്രി ഉത്സവം അവസാനിക്കും.

ഹരിശ്രീ കുറിക്കാൻ വിവിധ കേന്ദ്രങ്ങളിൽ തയ്യാറെടുപ്പുകൾ തുടങ്ങി.

കോഴിക്കോട് തളി ബ്രാഹ്മണ സമൂഹ മഠത്തിൽ നവരാത്രി ബൊമ്മക്കൊലു ഒരുങ്ങി.

✪✪✪

ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ മലയാളികൾക്ക് നവരാത്രി ഉത്സവ ആശംസകൾ നേർന്നു. സാംസ്കാരിക വൈവിധ്യത്തിനിടയിലും രാജ്യത്തിന്റെ ഐക്യത്തിന്റെ പ്രതീകമാണ് നവരാത്രി ഉത്സവമെന്ന് ഗവർണർ പറഞ്ഞു.

കേരള–തമിഴ്നാട് അതിർത്തിയിലെ കളിയിക്കാവിളയിൽ നവരാത്രി വിഗ്രഹങ്ങൾ സ്വീകരിച്ച ശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം.

✪✪✪

കോഴിക്കോട് ചാലപ്പുറം കേസരി ഭവനിൽ നവരാത്രി സർഗ്ഗോത്സവം വൈകീട്ട് കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ ഉദ്ഘാടനം ചെയ്യും. ചലച്ചിത്ര നടിയും സർഗ്ഗോത്സവ സമിതി അധ്യക്ഷയുമായ വിധുബാല പരിപാടിയിൽ അധ്യക്ഷയാകും.

ഭാരത് മാതാ സങ്കല്പം - ചരിത്രവും വർത്തമാനവും എന്ന വിഷയത്തിൽ പ്രജ്ഞാ പ്രവാഹ് ദേശീയ സംയോജക് J.നന്ദകുമാർ പ്രഭാഷണം നടത്തും.

✪✪✪

വർക്കല ശിവഗിരി മഠത്തിൽ നവരാത്രി ആഘോഷങ്ങൾക്ക് ഇന്ന് ദീപം തെളിയും. അടുത്ത മാസം 2 വരെയാണ് ആഘോഷങ്ങൾ. ഗുരുദേവ കൃതികളുടെ ആലാപനം, ഉൾപ്പെടെ നിരവധി പരിപാടികൾ വേദിയിൽ അവതരിപ്പിക്കും. സംസ്ഥാനത്തെ എല്ലാ ജില്ലകളിൽ നിന്നും ഡൽഹി, ഹൈദരാബാദ്, കർണാടക എന്നിവിടങ്ങളിൽ നിന്നും കലാപ്രതിഭകൾ എത്തിച്ചേരും.

✪✪✪

രണ്ടാം ദസറ എന്നറിയപ്പെടുന്ന കണ്ണൂരിലെ നവരാത്രി ആഘോഷങ്ങൾക്ക് ഒരുക്കങ്ങൾ പൂർത്തിയായി.

കണ്ണൂരിൽ നിന്ന് K.O ശശിധരൻ...

.......(വോയ്സ്).......

കണ്ണൂർ നഗരത്തിനോട് ചേർന്ന് പുരാതനമായ നിരവധി കോവിലുകളുണ്ട് . നവരാത്രി ആഘോഷത്തിന്റെ ഭാഗമായി വരുന്ന ഒമ്പത് രാവുകൾ ഈ കോവിലുകൾ സംഗീത നൃത്ത ചുവടുകളാൽ സമ്പന്നമാകും. മുനീശ്വരൻ കോവിൽ, കാഞ്ചി കാമാക്ഷിയമ്മൻ കോവിൽ, ശ്രീകൃഷ്ണന്‍ കോവിൽ , മുത്തുമാരിയമ്മൻ കോവിൽ, താളിക്കാവ് എന്നിവടങ്ങളിൽ അരങ്ങേറ്റം കുറിക്കുന്നതിനും നിരവധി പേർ എത്തിച്ചേരും. പ്രസിദ്ധരായ സംഗീതജ്ഞരുടെ കച്ചേരികളും അരങ്ങേറും. കണ്ണൂർ കോർപറേഷന്റെ കണ്ണൂർ ദസറ ആഘോഷവും നവരാത്രി നാളിലാണ് നടക്കുന്നത്. ഓക്ടോബർ ഒന്നുവരെ കലക്ട്രേറ്റ് മൈതാനിയിൽ വൈവിധ്യമാർന്ന പരിപാടികളാണ് സംഘടിപ്പിച്ചിട്ടുള്ളത്. വ്യാപാരോത്സവവും ഇതിന്റെ ഭാഗമായി ഉണ്ടാകും. നഗരം ദീപ പ്രഭയാൽ നിറയും.

✪✪✪

തുഞ്ചൻ വിദ്യാരംഭ കലോത്സവം മറ്റന്നാൾ മുതൽ അടുത്ത മാസം രണ്ടുവരെ നടത്തുമെന്ന് തുഞ്ചൻ സ്മാരക ട്രസ്റ്റ് ഭാരവാഹികൾ അറിയിച്ചു. ബുധനാഴ്ച രാവിലെ പത്താം ക്ലാസ് വിദ്യാർഥികൾക്കായി അക്ഷരശുദ്ധി മത്സരത്തോടെയാണ് തുടക്കം. വൈകീട്ട് വിദ്യാംരംഭ കലോത്സവം വിനീത നെടുങ്ങാടി ഉദ്ഘാടനം ചെയ്യും.

ഒക്ടോബർ രണ്ടിന് പുലർച്ചെ അഞ്ചുമുതലാണ് കുട്ടികളുടെ വിദ്യാരംഭം.

✪✪✪

മലപ്പുറം ശുകപുരം കുളങ്കര ഭഗവതി ക്ഷേത്രത്തിൽ തപസ്യ നവരാത്രി സംഗീതോത്സവം നാളെ വൈകിട്ട് സിനിമാതാരം ഊർമ്മിള ഉണ്ണി ഉദ്ഘാടനം ചെയ്യും. 22-ാമത് M.T.വേണു തപസ്യ നവരാത്രി പുരസ്കാരം പിന്നണി ഗായകൻ എടപ്പാൾ വിശ്വനാഥന് സമ്മാനിക്കും.

✪✪✪

പൊതുസേവനവും സദ്ഭരണവും ലക്ഷ്യമിട്ട് പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ നേതൃത്വത്തിൽ കേന്ദ്ര ഗവൺമെന്റ് നടപ്പാക്കി വരുന്ന പരിഷ്കരണ നയങ്ങൾ രാജ്യത്ത് സുപ്രധാന മാറ്റങ്ങൾ കൊണ്ടുവരുന്നു.

വികസനവും പരിവർത്തനവും ഉറപ്പാക്കുന്ന പദ്ധതിയിലൂടെ ജീവിതസൗകര്യം മെച്ചപ്പെടുത്തി ജനങ്ങൾക്ക് താങ്ങാവുന്ന തരത്തിൽ ഭവനങ്ങളും ആധുനിക നഗര അടിസ്ഥാന സൗകര്യങ്ങളും മോദി ഗവൺമെന്റ് എങ്ങനെ ഉറപ്പാക്കിയെന്ന് ആകാശവാണിയുടെ സേവാ പർവ് പരമ്പരയിൽ വിശദീകരിക്കുന്നു.

.........വോയിസ്........

കഴിഞ്ഞ പതിനൊന്ന് വർഷമായി ഉറച്ച തീരുമാനങ്ങളോടെ പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ നേതൃത്വത്തിൽ കേന്ദ്രഗവൺമെന്റ് രാജ്യമെമ്പാടും പരിവർത്തനത്തിന്റെ വിത്ത് പാകിയിരിക്കുകയാണ്. പൗരകേന്ദ്രീകൃത പരിഷ്കാരങ്ങളിലൂടെ അവഗണിക്കപ്പെടുന്ന ജനങ്ങളുടെ ജീവിതസൗകര്യം മെച്ചപ്പെടുത്തുന്നതിന് എല്ലാവർക്കും താങ്ങാവുന്ന വിലയിൽ ഭവന നിർമാണത്തിന് കേന്ദ്രം ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

ഗുണനിലവാരമേറിയ ഭവന ലഭ്യത ഉറപ്പാക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് നടപ്പാക്കുന്ന രണ്ട് പദ്ധതികളാണ് പ്രധാൻമന്ത്രി ആവാസ് യോജന- അർബനും പ്രധാനമന്ത്രി ആവാസ് യോജന-ഗ്രാമീണും. സ്മാർട് സിറ്റി മിഷന്റെ നിറവിൽ നഗരങ്ങളും വികസനത്തിന്റെ പാതയിലാണ്. ഒന്നര ലക്ഷം കോടി രൂപ

ചെലവഴിച്ച് 7500-ലധികം പദ്ധതികൾ പൂർത്തീകരിച്ചു. അമൃത് പദ്ധതികളിലൂടെ ദശലക്ഷകണക്കിന് ശുദ്ധജല കണക്ഷനുകൾ നൽകാനായി. പുനരുജ്ജീവിച്ച ആയിരക്കണക്കിന് ഹരിത ഇടങ്ങളും ജലാശയങ്ങളും പദ്ധതിയുടെ ഭാഗമായി നടപ്പിലായി. ഊർജക്ഷമതയേറിയ LED-കൾ ഉപയോഗിച്ച് തെരുവുകൾ പ്രകാശിപ്പിച്ചു. ഉജാല പദ്ധതിയിലൂടെ രാജ്യത്തുടനീളം വീടുകൾ പ്രകാശപൂരിതമായി. ജൽ-ജീവൻ മിഷൻ വഴി ഗ്രാമങ്ങളിൽ ശുദ്ധജലം ലഭ്യമാക്കി.

✪✪✪

പ്രവാസികളായ കേരളീയർക്കും  കുടുംബാംഗങ്ങൾക്കുമായി നോർക്ക റൂട്ട്സ് നടപ്പാക്കുന്ന സമഗ്ര ആരോഗ്യ - അപകട ഇൻഷ്വറൻസ് പദ്ധതി 'നോർക്ക കെയർ' ഇന്ന് നിലവിൽ വരും. മുഖ്യമന്ത്രി പിണറായി വിജയൻ വൈകീട്ട് തിരുവനന്തപുരത്ത് പദ്ധതി ഉദ്ഘാടനം ചെയ്യും.

വിദേശ രാജ്യങ്ങളിലെയും ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലെയും പ്രവാസി മലയാളികൾക്കും  കുടുംബാംഗങ്ങൾക്കും പദ്ധതിയിൽ അംഗങ്ങളാകാൻ കഴിയും.

✪✪✪

ദുബായിൽ ഏഷ്യാ കപ്പ് ട്വന്റി-20 ക്രിക്കറ്റിലെ സൂപ്പർ ഫോർ മത്സരത്തിൽ ഇന്ത്യ, പാക്കിസ്ഥാനെ ആറു വിക്കറ്റിന് പരാജയപ്പെടുത്തി. പാകിസ്ഥാൻ ഉയർത്തിയ 172 റൺസ് വിജയലക്ഷ്യം, നാല് വിക്കറ്റ് നഷ്ടത്തിൽ ഇന്ത്യ മറികടന്നു.

✪✪✪

സംസ്ഥാന സ്കൂൾ ഗെയിംസിന്റെ ഭാഗമായ ഗ്രൂപ്പ് ഒന്ന് മത്സരങ്ങൾ ഇന്ന് കണ്ണൂരിൽ ആരംഭിക്കും. ഉച്ചയ്ക്ക്  മുൻസിപ്പൽ സ്കൂളിൽ മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഉദ്ഘാടനം ചെയ്യും. ഏഴിനങ്ങളിലായി നടക്കുന്ന മത്സരം ഈ മാസം 27 ന് സമാപിക്കും.

✪✪✪

സംസ്ഥാനത്ത് ചിലയിടങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. കണ്ണൂർ, കാസർകോട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു.

✪✪✪

പ്രിയങ്ക ഗാന്ധി MP ഇന്ന് മലപ്പുറം ജില്ലയിൽ കേന്ദ്ര ആവിഷ്കൃത പദ്ധതികളുടെ അവലോകന യോഗത്തിൽ പങ്കെടുക്കും. വൈകീട്ട് നാലിന് കലക്ടറേറ്റ് കോൺഫറൻസ് ഹാളിലാണ് യോഗം.

✪✪✪

ഇന്ത്യൻ സഹകരണ ബാങ്കിങ് മേഖലയിലെ ബെസ്റ്റ് ഗ്രീൻ ലെൻഡിങ് ഇനിഷ്യേറ്റീവ് പുരസ്കാരം കോട്ടയ്ക്കൽ കോ-ഓപ്പറേറ്റീവ് അർബൻ ബാങ്കിന്. സോളാർ വായ്പ 'സൂര്യകിരൺ', സ്ത്രീകൾക്കു മാത്രമായ ഇലക്ട്രിക് കാർ-സ്കൂട്ടർ വായ്പകൾ 'ഷീ ഡ്രൈവ്', ഇലക്ട്രിക് ഓട്ടോറിക്ഷ വായ്പ 'ഹായ് ഓട്ടോ ക്രെഡിറ്റ്' എന്നിവ കഴിഞ്ഞ സാമ്പത്തിക വർഷം നടപ്പാക്കിയത് പരിഗണിച്ചാണ് പുരസ്കാരം.

✪✪✪

'EMS-ന്റെ ലോകം' ദേശീയ സെമിനാർ നാളെയും മറ്റന്നാളും മലപ്പുറം തിരുന്നാവായ കാരത്തൂരിൽ നടക്കും. നാളെ ഖത്തർ ഓഡിറ്റോറിയത്തിൽ രാവിലെ മുഖ്യമന്ത്രി പിണറായി വിജയൻ സെമിനാർ ഉദ്ഘാടനം ചെയ്യുമെന്ന് ഭാരവാഹികൾ വാർത്താ സമ്മേളനത്തിൽ അറിയിച്ചു.

✪✪✪

രാഷ്ട്രീയലക്ഷ്യം വച്ചാണ് CPIM അയ്യപ്പ സംഗമം സംഘടിപ്പിച്ചതെന്ന് KPCC പ്രസിഡന്റ് സണ്ണി ജോസഫ് ആരോപിച്ചു. CPIM-ന്റെ ഈ നീക്കം യഥാർത്ഥ ശബരിമല അയ്യപ്പഭക്തർ മനസ്സിലാക്കിയിട്ടുണ്ട്. അതാണ് സംഗമം പരാജയപ്പെടാൻ കാരണമായതെന്നും അദ്ദേഹം കണ്ണൂരിൽ മാധ്യമ പ്രവർത്തകരോട് പറഞ്ഞു.

✪✪✪

*News Editor: പി ചന്ദ്രബാബു*
*News Reader: അനുഷ ആത്മപ്രകാശ്*
*News Team: ഫസ്ന ഫാത്തിമ*
*DEO: സി കെ സുബോധ്*